

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## പ്രായോഗികവാദിയായ സന്ന്യാസി

**കേരളീയം** ലക്കം 3, പുസ്തകം 13 'ഇരുണ്ടകാലം ഗാന്ധിയെ തിരയുന്നു' വായിച്ചു. തികച്ചും വേറിട്ട സമീപനവും, ലേഖനങ്ങളിലെ വൈവിധ്യവും പ്രത്യേകം ശ്രദ്ധിച്ചു. നന്നായിരിക്കുന്നു.

മഹാത്മാഗാന്ധിയുടെ ശക്തിസ്രോതസ്സും ചിന്താകർമ്മസരണിയും എന്താണ് എന്നതിനെക്കുറിച്ച് ഇന്നത്തെ തലമുറ അജ്ഞരാണ്. ഭാരതത്തിന്റെ സാംസ്കാരികവും, പ്രാദേശികവുമായ വൈവിധ്യങ്ങളെ ആഴത്തിൽ ഉൾക്കൊള്ളാൻ മാത്രം ഈ രാജ്യത്തിന്റെ ആത്മാവു തൊട്ടറിഞ്ഞ വ്യക്തിയായിരുന്നു ഗാന്ധിജി. ജാതിപരമായും, മതപരമായും വിഭജിക്കപ്പെട്ടു കിടന്ന മനസ്സുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയത്. അതോടൊപ്പം അവരെ പ്രയാസകരവും, ദുരിതപൂർണ്ണവുമായ ജീവിതത്തിൽ നിന്നും കരകയറ്റാനുള്ള പദ്ധതികളും അദ്ദേഹം ആവിഷ്കരിച്ചു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഗ്രാമസ്വരാജ് ഒരു മഹത്തായ ദർശനമായിരുന്നു. ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുകയും അവശ്യം വേണ്ടതായ വിഭവങ്ങൾ അവർ തന്നെ ഉൽപാദിപ്പിക്കുകയും കൃഷിപോലുള്ള പാരമ്പര്യതൊഴിലുകൾക്ക് സംരക്ഷണം നൽകുകയും ചെയ്യുകയായിരുന്നു ഇതിന്റെ പ്രധാനമായ സവിശേഷതകൾ.

ആയാസരഹിതമായ നിത്യജീവിതത്തിന് മെച്ചപ്പെട്ട ആരോഗ്യം നിലനിർത്താനുതകുന്ന രീതിയിൽ വൃത്തിയുള്ള പരിസരവും, രോഗമുക്തമായ ജീവിതചര്യയും തുടർന്ന് അദ്ദേഹം പഠിപ്പിക്കുവാൻ തുടങ്ങി. അതിനായി ചെറുഗ്രാമീണതല-സാമൂഹിക ഘടനാ നിർമ്മിതി പ്രയോഗവല്കരിച്ചു. ഇതിനെല്ലാം കാരണം ഒരൊറ്റ സിദ്ധാന്തമായിരുന്നു. സാമ്പത്തിക-സാമൂഹിക സ്വാതന്ത്ര്യം നേടിയ ഒരു ജനതക്കേ രാഷ്ട്രീയ സ്വാതന്ത്ര്യം കിട്ടുന്നതുകൊണ്ട് ഫലമുണ്ടാകൂ എന്ന വിശ്വാസത്തിന്റെ ഭാഗമായി ഗാന്ധിജി തന്റെ പകുതി സമയവും ചെലവഴിച്ചത് ഇത്തരം ചെറുഗ്രാമീണതല ഘടനാമാതൃകകൾ നിർമ്മിച്ചു കാണിച്ചുകൊടുക്കാനായിരുന്നു എന്ന സത്യം ഇന്ന് പലർക്കും അറിയില്ല. അതല്ലാതെ പലരും ധരിച്ചിരുന്നതു പോലെ അദ്ദേഹം ഒരു മുഴുസമയ രാഷ്ട്രീയക്കാരനായിരുന്നില്ല. മാത്രമല്ല, അദ്ദേഹത്തിന്റെ രാഷ്ട്രീയം ഒരു തരം സന്യാസം തന്നെയായിരുന്നു. ഇന്ത്യ കണ്ട ഏറ്റവും പ്രായോഗികവാദിയായ സന്ന്യാസിയായിരുന്നു മഹാത്മാഗാന്ധി എന്ന് നിസ്സംശയം പറയാം. ഇന്ത്യൻ സ്വാതന്ത്ര്യസമര നേതൃത്വം അദ്ദേഹത്തിന്റെ മേൽ വന്നുചേർന്നത് ഈ രാഷ്ട്രത്തിന്റെ എക്കാലത്തെയും ഏറ്റവും വലിയ ഭാഗ്യമായി മാറുകയായിരുന്നു. വിശ്വസമൂഹം അദ്ഭുതാദരങ്ങളോടെ നോക്കിക്കണ്ട ഒരു സമരഗാഥയായിരുന്നു അദ്ദേഹം തന്റെ വിശ്വസ്തരായ അനുയായികളോടൊത്ത് നടത്തിയത്.

ഗാന്ധിജിയുടെ സ്വഭാവത്തിന്റെ പ്രധാന സവിശേഷത താൻ വിശ്വസിക്കുന്ന ആദർശത്തിൽ വെള്ളം ചേർക്കാൻ അദ്ദേഹം തയ്യാറല്ല എന്നതായിരുന്നു. വിട്ടുവീഴ്ചയില്ലാത്ത ആ സമീപനം എല്ലാവരെയും കീഴ്പ്പെടുത്തി എന്നതാണ് സത്യം. ഈ പാതയിൽ ഇടക്കിടെ ഫലപ്രദമായി എടുത്തു പ്രയോഗിച്ചു വന്ന ഏറ്റവും ശക്തമായ ആയുധമായിരുന്നു സത്യാഗ്രഹം. ഈ ആയുധം അദ്ദേഹം പലപ്പോഴും ഉപയോഗിച്ചതു ബ്രിട്ടീഷുകാർക്കെതിരെ മാത്രമല്ല തന്റെ സ്വന്തം അനുയായികൾക്കെതിരെയും കൂടിയായിരുന്നു. അതായിരുന്നു അദ്ദേഹത്തിന്റെ വിജയരഹസ്യം.

**കെ.വി. അബ്ദുൾ അസീസ്, അയ്യന്തോൾ, തൃശൂർ**

## നെഹ്റുവിന്റെ ശരികൾ

**കേരളീയം** ഗാന്ധിപ്പതിപ്പ് വായിച്ചു. മാറിയ കാലത്തിനനുസരിച്ചുള്ള സാമ്പത്തിക നയങ്ങൾ രൂപപ്പെടുത്തേണ്ടതിന്റെ അനിവാര്യതയിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഗാന്ധിക്ക് നെഹ്റു അയച്ച ഉജ്ജ്വല മറുപടി. 1945ൽ അയച്ച ആ കത്ത് ഇന്നും പ്രസക്തം. ഗാന്ധിയൻ പരികല്പനകളിലെ അയഥാർത്ഥ്യങ്ങളെ അംബേദ്കർക്ക് ശേഷം സമർത്ഥമായി ചൂണ്ടിക്കാണിച്ചത് നെഹ്റുവാണ്. ഹിന്ദ്സ്വരാജ് ഇന്നലെകളുടെ പുസ്തകമാണ്. ഇന്നിന്റെയോ നാളെയുടെയോ പുസ്തകമല്ല. സത്യാഗ്രഹം എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരമല്ല. ഗാന്ധിയുടെ ആശയവാദം മാത്രം അടിസ്ഥാനമാക്കി ഭാരതത്തിന് മുന്നേറാനാകില്ല.

ഇന്നത്തെ രീതിയിലുള്ള ഒരു ഭരണസംവിധാനം നമ്മുടെ രാഷ്ട്രത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ അതിന് കാരണം സർദാർ പട്ടേലും നെഹ്റുവും ഗാന്ധിയിൽ നിന്നും മുന്നോട്ട് പോകാൻ ശ്രമിച്ചു എന്നതാണ്. അവർക്ക് മുമ്പേ രാഷ്ട്രത്തിന്റെ ഹൃദയത്തുടിപ്പുകൾ മനസ്സിലാക്കിയ അംബേദ്ക്കറും ഗാന്ധി വിമർശകനായിരുന്നു. ഗാന്ധിയും പട്ടേലും നെഹ്റുവും ജിന്നയും കാണാത്ത ഭാരതം അംബേദ്ക്കർ അനുഭവിച്ചു.

**മാധവദാസ്, അമലനഗർ, തൃശൂർ**

## ഗാന്ധിലക്കം ശ്രദ്ധേയം

ഗാന്ധിയെക്കുറിച്ചുള്ള സജീവ ചിന്തയുണർത്തുന്ന കേരളീയം മാർച്ച് ലക്കം ശ്രദ്ധേയമായി. ഗാന്ധിയിൽ നിന്നും നാമെല്ലാം വളരെയേറെ അകന്നുകൊണ്ടിരിക്കുന്ന കാലമാണിത്. ഗാന്ധിയൻ ദർശനങ്ങൾ പിന്തുടരുന്ന ഗാന്ധിയന്മാർ വിരളമായിരിക്കുന്നു. ഗാന്ധിസം നമ്മുടെ മണ്ണിൽ വേരോടാതെ പോയത് എന്തുകൊണ്ടാണ്? രാഷ്ട്രപിതാവ് എന്നതിലുപരി ഗാന്ധിയെ മനസ്സിലാക്കാനുള്ള ശ്രമമുണ്ടാകാത്തത് എന്തുകൊണ്ടാണ്? തുടങ്ങിയ നിരവധി സംശയങ്ങൾ ദൂരീകരിക്കാനുള്ള ബാധ്യത എല്ലാ ഇന്ത്യക്കാർക്കുമുണ്ട്.

**ചെമ്മാണിയോട് ഹരിദാസൻ, മലപ്പുറം**